98 (2409) മണ്ണാർക്കാട് ഐ.എൻ.ടി.യു.സി.കാരുടെ വീട് തകർത്ത സംഭവം

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് പോലീസ് സ്റ്റേഷൻ അതിർത്തിയിൽ കാഞ്ഞിരപ്പുഴ പഞ്ചായത്തിൽ ഇരുമ്പഴചോല എന്ന സ്ഥലത്ത് നാല് ഐ.എൻ.ടി.യു.സി.ക്കാരുടെ വീട് എറിഞ്ഞുതകർത്തതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഈ സംഭവത്തിൽ എത്രപേർക്ക് പരിക്ക്പറ്റി എന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ പോലീസ് എടുത്ത നടപടികൾ എന്തെല്ലാം;

(ഡി) പ്രതികളിൽ ആരെയെങ്കിലും അറസ്റ്റുചെയ്തിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(എഫ്) ഈ അക്രമത്തിനെതിരെ നിഷ്പക്ഷവും നീതിപൂർവ്വവുമായ നിയമനടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കാഞ്ഞിരപ്പുഴ പഞ്ചായത്തിൽ ഇരുമ്പുഴചോലയിൽ ഐ.എൻ.ടി.യു.സി. വിഭാഗത്തിൽപ്പെട്ട ഹംസയെന്നയാളുടെ വീടിന് കല്ലേറുകൊണ്ട് സുമാർ 2000 രൂപയുടെ നഷ്ടം സംഭവിച്ചതായി ഒരു പരാതി കിട്ടിയിട്ടുണ്ട്.

(ബി) ഏഴുപേർക്ക് പരിക്കുപറ്റിയിട്ടുണ്ട്.

(സി)(ഡി)&(ഇ) മണ്ണാർക്കാട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 126/2000 ആയി ഐ.പി.സി. 143, 147, 148, 448, 324, 380, 149 എന്നീ വകുപ്പുകൾ പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്യുകയും അന്വേഷണം നടത്തുകയും അന്വേഷണത്തിൽ ഐ.പി.സി. 143, 147, 148, 448, 427, 424, 149 എന്നീ വകുപ്പുകളായി കേസ്സിന്റെ സെക്ഷൻ ആൾട്ടർ ചെയ്യുകയും കേസ്സിലെ 11 പ്രതികളിൽ മോഹനൻ, പൗലോസ്, അബ്ദുൾ നാസർ, ലത്തീഫ് എന്നീ 4 പ്രതികളെ അറസ്റ്റുചെയ്യുകയും ജാമ്യത്തിൽ വിട്ടയയ്ക്കുകയും ചെയ്തിട്ടുള്ളതുമാണ്. മറ്റു പ്രതികൾ ഒളിവിലായതിനാൽ അറസ്റ്റുചെയ്യാൻ കഴിഞ്ഞിട്ടില്ല.

(എഫ്) ഈ സംഭവത്തിൽ നിഷ്പക്ഷവും നീതിപൂർവ്വവുമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

99 (2410) ഐഷയുടെ മരണം

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ എടവക പഞ്ചായത്തിലെ കമ്മോത്തുകുനിയിൽ ഐഷയുടെ മരണം കൊലപാതകമാണെന്നും സംസ്ഥാന പോലീസിന്റെ അന്വേഷണം തൃപ്തികരമല്ലാത്തതിനാൽ സി.ബി.ഐ. അന്വേഷിക്കണമെന്നുമുള്ള ആവശ്യത്തിൻമേൽ സർക്കാർ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാന പോലീസിന്റെ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)(ബി)&(സി) വടക്കൻമേഖല ഐ.ജി.യുടെ നേതൃത്വത്തിൽ കേസ്സ് ഊർജ്ജിതമായി അന്വേഷിച്ചുവരുന്നു.

100 (2411) കോൺഗ്രസ്സ് പ്രവർത്തകർ കാസർഗോഡ് നടത്തിയ അക്രമം

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000 ഫെബ്രുവരി 15-ന് കോൺഗ്രസ്സ് (ഐ) പ്രവർത്തകർ കാസർഗോഡ് പട്ടണത്തിൽ നടത്തിയ ആക്രമണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതു സംബന്ധിച്ച് എന്തെങ്കിലും കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്നും ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ്സുകൾ എന്നും വ്യക്തമാക്കുമോ;

(സി) ആക്രമണത്തിന്റെ ഫലമായി എന്തെല്ലാം നാശനഷ്ടമാണ് ഉണ്ടായത് എന്നും അതിൽ എത്ര രൂപയുടെ നഷ്ടമുണ്ടായി എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതു സംബന്ധിച്ച് കാസർഗോഡ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 87/2000 ആയി ഇന്ത്യൻ ശിക്ഷാ നിയമം 143, 147, 148, 353, 332, 308, 149-ാം വകുപ്പ് കൂട്ടി വായിച്ച് 427 എന്നീ വകുപ്പുകൾ പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസ്സിലെ നാലുപ്രതികളെ അറസ്റ്റുചെയ്തിട്ടുമുണ്ട്.

(സി) പ്രസ്തുത ആക്രമണത്തിന്റെ ഫലമായി ബേഡകം പോലീസ് സബ് ഇൻസ്പെക്ടർക്ക് പരിക്കേൽക്കുകയും, കല്ലേറിൽ 'അൽജിലാനി' എന്ന മെഡിക്കൽ സ്റ്റോറിന് കേടുപാടുകൾ സംഭവിച്ചതിൽ പതിനായിരം രൂപയുടെ നാശനഷ്ടം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്.

101 (2413) സംസ്ഥാനത്ത് നടന്ന ആത്മഹത്യകൾ

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം ഇന്നുവരെ എത്ര ആത്മഹത്യകൾ നടന്നിട്ടുണ്ട്; ഇതിൽ സ്ത്രീകളെത്ര; പുരുഷൻമാരെത്ര; പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെടുന്നവരെത്ര എന്നുള്ള കണക്ക് ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly